റിപ്പോർട്ട് ചെയ്യാവുന്നത്

ഭാരതീയ സുപ്രീം കോടതി

സിവിൽ അപ്പീൽ അധികാരിത

സിവിൽ അപ്പീൽ നമ്പരുകൾ 3758 - 3796/2023

[എസ്.എൽ.പി.(സി) നമ്പരുകൾ 28258-28296/2018-ൽ നിന്ന് ആവിർഭവിക്കുന്നവ]

ജിനി ധൻരാജ്ഗിറും മറ്റൊരാളും	...	അപ്പീൽവാദികൾ
ഷിബു മാത്യൂവും മറ്റൊരാളും	...	എതിർകക്ഷികൾ

കോടതിയലക്ഷ്യ ഹർജി(സി) നം.2091/2018

[സ്പെഷ്യൽ ലീവ് ഹർജി(സി) നം. 24344/2014-ന്മേലുള്ളത്]

ജിനി ധൻരാജ് കൃറിയും മറ്റൊരാളും	...	ഹർജിക്കാർ
തോമസ് മാത്യൂ(മരണപ്പെട്ട)@ തമ്പിക്കുഞ്ഞും മറ്റൊരാളും	...	എതിർകക്ഷികൾ

വിധിന്യായം

ദിപാങ്കർ ദത്ത, J.

ഇളവ് അനുവദിച്ചിരിക്കുന്നു.

2. ഒന്നരനൂറ്റാണ്ടിനും മുൻപേ തന്നെ, പ്രിവി കൗൺസിൽ (അതീവ ബഹുമാന്യ സർ ജെയിംസ്

കോൾവില്ലിലൂടെ സംസാരിക്കവേ) **ദർഭംഗ രാജ്യത്തിന്റെ കോർട്ട് ഓഫ് വാർഡ്സിന്റെ കീഴിലെ ജനറൽ മാനേജരും മഹാരാജാ കുമാർ രമാപൂത് സിങ്ങും തമ്മിലുള്ള കേസിൽ**[1] വിധി പറയവേ പരിതപിക്കുകയുണ്ടായി, ഇന്ത്യയിൽ നിയമവ്യവഹാരങ്ങളിൽ ഏർപ്പെടുന്നവരുടെ ബുദ്ധിമുട്ടുകൾ യഥാർത്ഥത്തിൽ ഒരു വിധി സമ്പാദിക്കുന്നിടത്ത് നിന്ന് തുടങ്ങുകയേ ഉള്ളൂ എന്ന്. മേൽപ്രസ്താവിത നിരീക്ഷണത്തിലേക്ക് ഒരു സൂചന അവധ് ജുഡീഷ്യൽ കമ്മീഷണർ കോടതിയുടെ **കുവർ ജംഗ് ബഹാദൂർ vs. ബാങ്ക് ഓഫ് അപ്പർ ഇന്ത്യ ക്ലിപ്തം ലക്ക്നൗ**[2] എന്ന വിധിന്യായത്തിലും കാണപ്പെടുന്നു. വിധികടക്കാർ കോടതിനടപടികളും നടപടിക്രമങ്ങളും ദുരുപയോഗം ചെയ്ത് തങ്ങളുടെ അവകാശങ്ങൾക്ക് അനുസൃതമായ വിധി സമ്പാദിച്ച വായ്പാദായകരെ കോടതികളെ ഉപയോഗിച്ച് വഞ്ചിക്കുന്നില്ല എന്ന് ഉറപ്പുവരുത്താനായി കോടതികൾ കരുതിയിരിക്കേണ്ടിയിരുന്നു എന്ന് അതിൽ വിധിക്കുകയുണ്ടായി.

3. കടന്നുപോയ ബൃഹത്തായ സമയത്തിന്റെ അന്തരം നിലനിൽക്കെത്തന്നെ, പ്രിവി കൗൺസിലിന്റെ ഒരു പ്രവചനം പോലെ ഫലവത്തായിത്തീർന്ന ആ നിരീക്ഷണം ഈ കോടതിയെ ആശ്ചര്യപ്പെടുത്തുന്നു. ആ നിരീക്ഷണം ഇപ്പോഴും വർത്തമാനകാലത്തിൽ ശരിയായിത്തുടരുന്നു എന്നു മാത്രമല്ല, ഈ സാഹചര്യം, അനുകൂലവിധി സമ്പാദിച്ച ആളുകളുടെ കഷ്ടകാലം അവരുടെ നിയമസാധുതയുള്ളതും നടപ്പാക്കാൻ ബാധ്യതപ്പെട്ടതും ശരിയായ അധികാരപരിധിയിൽപ്പെട്ട സിവിൽ കോടതികൾ പുറപ്പെടുവിച്ചതുമായ വിധികൾ നടപ്പാക്കാനുള്ള ശ്രമങ്ങളിൽ നിന്നും തുടങ്ങുന്നതായ ഒട്ടേറെ സാഹചര്യങ്ങളിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല താനും. അനുകൂലവിധി സമ്പാദിച്ചവരുടെ ഭാഗത്ത് നിന്ന് നോക്കുമ്പോൾ ഈ സാഹചര്യം സത്യത്തിൽ വളരെയധികം വ്യാകുലപ്പെടുത്തുന്നതാണ്, പക്ഷേ നിലവിലെ നിയമം നടപ്പാക്കിയേ പറ്റൂ, കോടതിക്ക് അതിന്റെ ഫലം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും. **മാർട്ടിൻ ബേൺ ക്ലിപ്തം vs. കൊൽക്കത്ത കോർപറേഷൻ**[3] എന്ന വിധിന്യായത്തിൽ, ഈ കോടതി തന്നെ പറയുകയുണ്ടായി, അതിന്റെ പ്രവർത്തനത്തിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന ഒരു കഷടതയ്ക്ക് പരിഹാരം കാണാനുള്ള ഒരു വ്യവസ്ഥയെ കണ്ടില്ലെന്ന് നടിക്കാനുള്ള അധികാരം ഒരു കോടതിക്കില്ല.

4. ഇവിടെ അപ്പീൽവാദികളായ ശ്രീമതി താരാ ചെറിയാന്റെ (ഇനിമേൽ "ശ്രീമതി ചെറിയാൻ") മകളും മകനും ഈ സിവിൽ അപ്പീലുകളിൽ ഉന്നയിച്ചിരിക്കുന്നത് കോട്ടയം പ്രിൻസിപ്പൽ സബ്-ജഡ്ജിയുടെ (ഇനിമേൽ "നിർവാഹക കോടതി") 2018 ജൂലൈ 29-ലെ പൊതു ഇടക്കാല ഉത്തരവിനോടുള്ള എതിർപ്പ് ആണ്. 2000 ഒക്ടോബർ 21-ലെ വിധി (ഇനിമേൽ "വിധി") നടപ്പാക്കണമെന്നും ഈ കേസിലെ എതിർകക്ഷികൾ (ഇനിമേൽ "എതിർകക്ഷികൾ") നടപ്പിൽവരുത്തിയ തടസ്സങ്ങളെ

1 (1871-72) 14 Moo IA 605
2 AIR 1925 Oudh 448
3 AIR 1966 SC 529

ഒഴിവാക്കിത്തരണമെന്നും ആവശ്യപ്പെട്ട് 1908-ലെ സിവിൽ നിയമനടപടിസംഹിതയുടെ (ഇനിമേൽ "സി.പി.സി.") സെക്ഷൻ 47 ഓർഡർ XXI റൂൾ 97-നോട് ചേർത്തുവായിക്കുന്നത് പ്രകാരം അപ്പീൽവാദികൾ സമർപ്പിച്ച ഒരു നിർവാഹക അപേക്ഷ നിർവാഹക കോടതിയുടെ പരിഗണനയിലുണ്ടായിരുന്നു. ഈ അപവദിത ഉത്തരവിലൂടെ നിർവാഹക കോടതി എതിർകക്ഷികൾ സമർപ്പിച്ച കുറെ എതിർവാദങ്ങൾ നിലനിൽക്കത്തക്കതാണെന്നും അവയെല്ലാം അവയുടെ ഗുണദോഷങ്ങളെ വേണ്ടും വിധം പരിശോധിച്ചും തെളിവുകൾ രേഖപ്പെടുത്തിയും വിസ്തരിച്ച് തീർപ്പ് കൽപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും വിലയിരുത്തി.

5. ഉന്നയിക്കപ്പെട്ട തർക്കവാദത്തിന്റെ സ്വഭാവവും വ്യാപ്തിയും കണക്കിലെടുക്കുമ്പോൾ, ഈ അപ്പീലുകളിന്മേൽ ഒരു തീരുമാനം എടുക്കാൻ അപ്പീലുകൾക്ക് പ്രേരകമായ യാഥാർത്ഥ്യങ്ങളെയോ ബാറിലൂടനീളം മുന്നോട്ട് വച്ച വാദ-മറുവാദങ്ങളെയോ വലിയ ആഴത്തിൽ രേഖപ്പെടുത്തേണ്ട ആവശ്യമില്ലായിരുന്നു; എന്നിരുന്നാലും, കക്ഷികൾ ഈ കോടതിയെ വിശദമായി അഭിസംബോധന ചെയ്തതിനാൽ, അവശ്യ വസ്തുതകൾ ഹ്രസ്വമായി വിവരിക്കാനും കക്ഷികളുടെ മുതിർന്ന അഭിഭാഷകർ മുന്നോട്ട് വച്ച എതിർ അവകാശവാദങ്ങൾ പരാമർശിക്കാനും അത്തരം അവകാശവാദങ്ങളെക്കുറിച്ചുള്ള നിഗമനങ്ങൾ രേഖപ്പെടുത്തുന്നതിനുമുമ്പ് ഈ കോടതി ഉദ്ദേശിക്കുന്നു.

6. ഇപ്പോൾ ശ്രദ്ധയെ ക്ഷണിക്കുന്ന ഈ രണ്ട് കൂട്ടം നടപടിക്രമങ്ങളിൽ നിന്ന് ഉയർന്നുവരുന്ന അടിസ്ഥാന വസ്തുതകൾ പരസ്പരം ഇഴചേർന്നിരിക്കുന്നു; അതിനാൽ, വിലയിരുത്തലിന്റെ സൗകര്യത്തിനായി ഇവ വിശകലനം ചെയ്യുന്നത് ഉചിതമാണെന്ന് കണക്കാക്കപ്പെടുന്നു.

7. ഈ അതിസങ്കീർണ്ണ വസ്തുതാഘടനയുടെ ആദ്യ ഭാഗം ഇതാണ്:

   a. ശ്രീമതി ചെറിയാൻ, യഥാർത്ഥ അന്യായക്കാരി എന്ന നിലയിൽ, OS നമ്പർ 28/1987 (ഇനിമേൽ "അന്യായം") ശ്രീ. വി.ടി.മാത്യു [1-ാം എതിർകക്ഷി], അദ്ദേഹത്തിന്റെ മക്കളായ ശ്രീ. തോമസ് മാത്യു [2-ാം എതിർകക്ഷി] (ഇനിമേൽ "ശ്രീ. തോമസ്"), അബ്രഹാം മാത്യു [3-ാം എതിർകക്ഷി] (ഇനിമേൽ "ശ്രീ. അബ്രഹാം"), ശ്രീ. മാത്യുവിന്റെ അസിസ്റ്റന്റ് ശ്രീ. കെ.ടി. ജോസഫ് [4-ാം എതിർകക്ഷി] എന്നിവർ ഉൾപ്പെടെ എതിർസ്ഥാനത്ത് നിൽക്കുന്ന എല്ലാ കക്ഷികൾക്കുമെതിരെ (കൂട്ടമായി അഭിസംബോധന ചെയ്യുമ്പോൾ ഇനിമേൽ "സിവിൽ എതിർകക്ഷികൾ") കേരളത്തിൽ കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ നാട്ടകം ഗ്രാമത്തിൽ 2.81 ഏക്കറിൽക്കൂടുതൽ വരുന്ന സ്ഥലത്തിന്റെ (ഇനിമേൽ "അന്യായവസ്തു") പട്ടയം ശ്രീമതി ചെറിയാന്റെ പേരിലാക്കുവാനും സിവിൽ എതിർകക്ഷികളിൽ നിന്നും ഇടക്കാലാദായം സഹിതം ഉടമസ്ഥാവകാശം വീണ്ടെടുക്കാനുമായി ഫയൽ ചെയ്തിരുന്നു.

b. അന്യായവസ്തുവിന്റെ പരിപാലകനായിരുന്ന ശ്രീ. മാത്യു അവരുടെ മരിച്ച ഭർത്താവിൽ നിന്ന് ഇത് വാങ്ങാൻ ഉദ്ദേശിച്ചിരുന്നുവെന്നും ബാക്കി തുക ഇനിയും നൽകാനുള്ളതിനാൽ വിൽപന പൂർത്തിയായിട്ടില്ലെന്നും ഇടക്കാലത്ത് സിവിൽ എതിർകക്ഷികൾ അന്യായവസ്തുവിൽ നിർമ്മാണങ്ങൾ നടത്തിയെന്നും ശ്രീമതി ചെറിയാൻ വാദിച്ചു. ശ്രീമതി ചെറിയാന്റെ മരിച്ച ഭർത്താവുമായും അദ്ദേഹത്തിന്റെ സഹോദരങ്ങളുമായും ഉള്ള വാക്കാലുള്ള പാട്ടക്കരാർ വഴി അന്യായവസ്തുമായി ബന്ധപ്പെട്ട വാടകക്കാരാണ് തങ്ങളെന്നും 1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം (ഇനിമേൽ ചുരുക്കത്തിൽ "കെ.എൽ.ആർ. നിയമം") സ്ഥിരമായ കുടിയായ്മക്ക് അർഹതയുണ്ടെന്നും പ്രതികൾ വാദിച്ചു.

c. അന്യായത്തിന്റെ വിചാരണ വേളയിൽ, കെ.എൽ.ആർ. നിയമത്തിലെ സെക്ഷൻ 125(3) പ്രകാരം കുടിയായ്മയുടെ പ്രശ്നം വിചാരണക്കോടതി ലാൻഡ് ട്രൈബ്യൂണലിലേക്ക് റഫർ ചെയ്തു. ആർ.സി. നമ്പർ 84/1988 ൽ, കെ.എൽ.ആർ. നിയമപ്രകാരം സംരക്ഷണത്തിന് അർഹതയുള്ള കൃഷിക്കാരനായ ഒരു കുടിയാനാണ് ശ്രീ. മാത്യു എന്ന് ലാൻഡ് ട്രൈബ്യൂണൽ കണ്ടെത്തി. ലാൻഡ് ട്രൈബ്യൂണലിന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, 1989 നവംബർ 16-ന് വിചാരണക്കോടതി അന്യായം തള്ളി. അന്യായം തള്ളിയതിനെ ചോദ്യം ചെയ്ത് ശ്രീമതി ചെറിയാൻ ഹൈക്കോടതിയിൽ എ.എസ്. നമ്പർ 27/1991 ഫയൽ ചെയ്തു.

d. ശ്രീ. മാത്യു 1998 ജനുവരി 18-ന് അന്തരിച്ചു. അദ്ദേഹത്തിന്റെ മക്കളായ ശ്രീ. തോമസും ശ്രീ. അബ്രഹാമും അപ്പീലിനെ എതിർത്തുകൊണ്ട് ഹൈക്കോടതിയിൽ നടപടികൾ തുടർന്നു.

e. ഹൈക്കോടതി എ.എസ്. നമ്പർ 27/1991 1998 ഡിസംബറിൽ 18 ന് അനുവദിച്ചുകൊണ്ട് സിവിൽ എതിർകക്ഷികൾക്ക് സ്ഥിരമായ കുടിയായ്മക്ക് അർഹതയില്ലെന്ന് അഭിപ്രായപ്പെട്ടു. മറ്റ് വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതിനായി അന്യായം വിചാരണക്കോടതിയിലേക്ക് പുനർവിചാരണക്കായി തിരിച്ചയച്ചു.

f. ഏകാംഗ ബെഞ്ചിന്റെ മേൽപ്പറഞ്ഞ ഉത്തരവിനെതിരായ അപ്പീൽ ആയ സി.എം.എ. നമ്പർ 34/1999 വാദം കേൾക്കുന്നതിനിടെ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 1999 ഡിസംബർ 13-ന് തള്ളി. ശ്രീ. മാത്യു അന്യായവസ്തുവിന്റെ പരിപാലകൻ മാത്രമായിരുന്നെന്ന് സ്ഥിരീകരിച്ചു.

g. കേസ് പുനർവിചാരണക്കായി തിരിച്ചയക്കപ്പെട്ട ശേഷം, അന്യായം 2000 ഒക്ടോബർ 21 ന് ശ്രീമതി ചെറിയാന് അനുകൂലമായി വിധിച്ചു. അന്യായവസ്തുവിന്റെ ഉടമസ്ഥത ശ്രീമതി

ചെറിയാനിലാക്കാൻ സിവിൽ എതിർകക്ഷികളെ നിർദ്ദേശിക്കുകയും ചെയ്തു.

h. ശ്രീ. തോമസും ശ്രീ. അബ്രഹാമും ഹൈക്കോടതിയിൽ എ.എസ്. നമ്പർ 219/2001 ഫയൽ ചെയ്തു. 2014 ഫെബ്രുവരി 11-ന് , മറ്റ് കാര്യങ്ങളോടൊപ്പം, ശ്രീ. മാത്യു നല്കിയ വില്പനത്തുകയുടെ ഒരു ഭാഗത്തിന് പകരമായി ശ്രീമതി ചെറിയാൻ നഷ്ടപരിഹാരത്തുകയായ 25,99,250 രൂപ കെട്ടിവെക്കണമെന്നും അതിനുശേഷം സിവിൽ എതിർകക്ഷികൾ വിധിപ്രസ്താവിതവസ്തുവിന്റെ ഉടമസ്ഥാവകാശം ഒഴിഞ്ഞ് വസ്തു ശ്രീമതി ചെറിയാന് കൈമാറണമെന്ന് നിഷ്കർഷിക്കുന്ന തരത്തിൽ വിധി പരിഷ്കരിച്ചു കൊണ്ട് ഇത് ഭാഗികമായി അനുവദിച്ചു.

i. 2014 ഫെബ്രുവരി 11-ാം തീയതിയിലെ ഉത്തരവ് ശ്രീ. തോമസും ശ്രീ. അബ്രഹാമും എസ്.എൽ.പി. (സി) നമ്പർ 24344/2014-ലൂടെ ഈ കോടതിയുടെ പരിഗണനയിലേക്ക് കൊണ്ടുവരുകയുണ്ടായി. 2014 ഒക്ടോബർ 13-ന് ഈ കോടതി മേൽപരാമർശിത ഹർജി തീർപ്പാക്കിയപ്പോൾ നഷ്ടപരിഹാരത്തുക 30,00,000 രൂപയായി ഉയർത്തി. ബാക്കി നഷ്ടപരിഹാരത്തുക കെട്ടിവയ്ക്കാൻ അപ്പീൽവാദികളോടും അതിനുശേഷം വിധിപ്രസ്താവിതവസ്തുവിന്റെ ഉടമസ്ഥാവകാശം അപ്പീൽവാദികൾക്ക് കൈമാറാൻ സിവിൽ എതിർകക്ഷികളോടും നിർദ്ദേശിക്കുക വഴി വിധിയിൽ മറ്റ് മാറ്റങ്ങളൊന്നും വരുത്തിയില്ല.

8. ഈ അതിസങ്കീർണ്ണ വസ്തുതാഘടനയുടെ ആദ്യ ഭാഗം ഇതായിരിക്കെ, ഇനി അതിന്റെ മറുഭാഗത്തേക്ക് കടക്കുന്നു. അത് കെ.എൽ.ആർ. നിയമത്തിന്റെ പരിധിയിൽ വരുന്ന ലാന്റ് ടൈബ്യൂണലിന്റെ പരിഗണനയിലിരുന്ന എസ്.എം. നമ്പറുകൾ 107/1992, 55-56/1989 എന്നീ വ്യവഹാരങ്ങളിൽ നിന്ന് ആരംഭിക്കുന്നു. 1993 ജനുവരി 23-ന് ലാൻഡ് ടൈബ്യൂണൽ എസ്.എം നമ്പർ 107/1992 ൽ ശ്രീ. മാത്യുവിന് ഒരു വാങ്ങൽരേഖ നൽകി. അതിലൂടെ ശ്രീ. മാത്യുവിന് കൃഷിക്കാരനായ കുടിയാന്റെ പദവി നൽകി. ശ്രദ്ധാർഹമായ വിഷയമെന്തെന്നാൽ, ശ്രീമതി ചെറിയാന് നോട്ടീസ് നൽകിയിരുന്നെങ്കിലും ആത്യന്തികമായി അവർ നടപടികളെ എതിർത്തിരുന്നില്ല. വാങ്ങൽരേഖ നേടിയതിന് ശേഷം, വിധിപ്രസ്താവിതവസ്തുവിന്റെ ചില ഭാഗങ്ങൾ ശ്രീ. മാത്യു ചില എതിർകക്ഷികൾക്ക് വിറ്റു. മറ്റ് ചില എതിർകക്ഷികൾക്കും അന്യായം സ്ഥാപിക്കുന്നതിനും അതിന്മേൽ വിധി വരുന്ന 2000 ഒക്ടോബർ 21-നുമിടയിലുള്ള കാലയളവിൽ എസ്.എം. നമ്പർ 55/1989, എസ്.എം. നമ്പർ 56/1989 എന്നിവയിലൂടെ വിധിപ്രസ്താവിതവസ്തുവിന്റെ ചില ഭാഗങ്ങൾക്കുള്ള വാങ്ങൽരേഖകൾ നൽകിയിരുന്നു.

9. താഴെ പരാമർശിക്കുന്ന തുടർസംഭവങ്ങളും നിലവിലെ കേസിന് പ്രധാനപ്പെട്ടതാണ്:

a. നിർവാഹക കോടതി, 2017 മെയ് 27-ന്, ഇ.പി. നമ്പർ 379/2012-ൽ, വിധിപ്രസ്താവിതവസ്തു കൈമാറുന്നതിനുള്ള അപ്പീൽവാദികളുടെ അപേക്ഷകൾ സ്വീകരിക്കുകയും ഒരു അഡ്വക്കേറ്റ് കമ്മീഷണറെ നിയമിക്കുകയും ഉത്തരവ് വന്ന് 10 ദിവസങ്ങൾക്കുള്ളിൽ ബന്ധപ്പെട്ട പോലീസ് സബ്-ഇൻസ്പക്ടറുടെ സഹായത്തോടെ വിധിപ്രസ്താവിതവസ്തുവിന്റെ ഉടമസ്ഥാവകാശം കൈമാറാൻ നിർദ്ദേശം നൽകുകയും ചെയ്തു.

b. 2017 ജൂൺ 23-ന്, അപ്പീൽവാദികൾക്ക് ഉടമസ്ഥാവകാശം കൈമാറുന്നതിനെ എതിർകക്ഷികൾ എതിർത്തുവെന്ന് രേഖപ്പെടുത്തിക്കൊണ്ട് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു.

c. അതിനെത്തുടർന്ന്, ചില എതിർകക്ഷികൾ പ്രധാന നിർവാഹക നടപടികൾക്കെതിരെ നിരവധി ആക്ഷേപങ്ങൾ ഉന്നയിക്കുകയും വിധി നടപ്പാക്കുന്നതിനെതിരെ അപ്പീൽവാദികൾക്ക് ഉടമസ്ഥാവകാശം വിട്ടുകൊടുക്കാൻ വിസമ്മതിച്ചുകൊണ്ട് നിരവധി ആക്ഷേപങ്ങൾ ഫയൽ ചെയ്യുകയുണ്ടായി. അന്യായത്തിന്മേലുള്ള കോടതിനടപടികളെക്കുറിച്ച് അവർക്ക് അറിവില്ലായിരുന്നുവെന്നും, 2017 മെയ് 27-ലെ നിർവാഹകകോടതിയുടെ ഉത്തരവ്പ്രകാരം കമ്മീഷണർ ഉടമസ്ഥാവകാശം ഏറ്റെടുക്കാൻ ശ്രമിച്ചപ്പോൾ മാത്രമാണ് അവർ ഇതിനെക്കുറിച്ച് അറിഞ്ഞത് എന്നും മറ്റ് കാര്യങ്ങളോടൊപ്പം അവർ വാദിച്ചു.

d. അതിനുശേഷം, അപ്പീൽവാദികൾ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 227 പ്രകാരം ഹൈക്കോടതിയിൽ ഒരു ഹർജി നൽകി. 2018 ഏപ്രിൽ 5-ന്, ഹൈക്കോടതിയുടെ ഒരു ഏകാംഗബെഞ്ച് നിർവാഹകകോടതിയോട് എതിർകക്ഷികൾ ഉന്നയിച്ച ആക്ഷേപങ്ങളോടുള്ള അപ്പീൽവാദികളുടെ തർക്കവാദങ്ങളും കൂടി പരിഗണിച്ചുകൊണ്ട് ഈ വിഷയം 2018 ജൂൺ 30-നോ അതിന് മുൻപോ തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചു.

e. വാദപ്രതിവാദങ്ങൾക്കൊടുവിൽ കോട്ടയം പ്രിൻസിപ്പൽ സബ്-ജഡ്ജി 2018 ജൂൺ 29-ന് നിലവിലെ അപവദിത ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു.

10. അപ്പീൽവാദികളുടെ പണ്ഡിതനായ മുതിർന്ന അഭിഭാഷകൻ ശ്രീ. ദിവാൻ വാദിച്ചു:

a. ശ്രീ. തോമസും ശ്രീ. അബ്രഹാമും നൽകിയ എസ്.എൽ.പി. (സി) നമ്പർ 24344/2014-യിലെ അന്യായങ്ങളിലൊന്നും തന്നെ വിധിപ്രസ്താവിതവസ്തുവിന്മേൽ മറ്റാർക്കെങ്കിലും ഉടമസ്ഥതയുള്ളതായി വെളിപ്പെടുത്തിയിട്ടില്ല. മാത്രമല്ല, എതിർകക്ഷികളുടെ ചെയ്തികൾ

വിചാരണക്കോടതിയുടെ വിധിയുടെയും ഈ കോടതിയുടെ അതിനെ ശരിവെച്ചുകൊണ്ടുള്ള തീരുമാനത്തിന്റെയും അധികാരത്തിന്റെയും മനഃപൂർവമായ അനുസരണയില്ലായ്മയിൽ നിന്നുള്ളവയായിരുന്നു. എതിർകക്ഷികൾക്ക് വിധിപ്രസ്താവിതവസ്തുവിന്മേൽ ഒരു അവകാശവുമില്ല, അതിനാൽത്തന്നെ അവർക്ക് രണ്ട് പതിറ്റാണ്ട് മുൻപുണ്ടായ വിധിയെ എതിർക്കാൻ യാതൊരു അവകാശവുമില്ല.

b. എതിർകക്ഷിക്കാരുടെ വാദങ്ങളുടെയെല്ലാം അടിസ്ഥാനം കോട്ടയം ലാൻഡ് ടൈബ്യൂണലിൽ നിന്ന് എസ്.എം. നമ്പർ 197/1992-ൽ ശ്രീ. മാത്യുവിന് ലഭിച്ച വാങ്ങൽരേഖയാണ്. എന്നിരുന്നാലും, എതിർകക്ഷിക്കാർക്ക് ഇപ്പറഞ്ഞ വസ്തുക്കൾക്ക്മേൽ യാതൊരു ഉടമസ്ഥതയും ഇല്ല, കാരണം അവരിലേക്ക് അവയുടെ ഉടമസ്ഥാവകാശം കൈമാറിയ ശ്രീ. മാത്യുവിന് ആ വിധിപ്രസ്താവിതവസ്തുവിന്മേൽ യാതൊരു ഉടമസ്ഥാവകാശവുമില്ല.

c. വിധിപ്രസ്താവിതവസ്തുവിന്റെ വിവിധ ഭാഗങ്ങൾ ശ്രീ. മാത്യുവിൽ നിന്ന് വാങ്ങിയെന്ന് അവകാശപ്പെടുന്ന വ്യക്തികൾ അവരുടെ ആക്ഷേപഹർജികൾക്കൊപ്പം ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളൊന്നും തന്നെ നിർവാഹകകോടതിയിൽ ഹാജരാക്കിയിരുന്നില്ല.

d. ആക്ഷേപങ്ങളെല്ലാം തന്നെ നിസ്സാരവും നിലനിൽക്കത്തക്കതുമല്ല എന്ന് മാത്രമല്ല, ഈ നടപടിക്രമങ്ങൾക്ക് ഉറപ്പ് നൽകിയ ഈ കോടതിയുടെ എസ്.എൽ.പി. (സി) നമ്പർ 24344/2014-ലെ 2014 ഒക്ടോബർ 13-ലെ ഉത്തരവിന്റെ വെളിച്ചത്തിൽ എതിർകക്ഷികളുടെ ചെയ്തികൾ ഫലത്തിൽ ആ ഉത്തരവിനെ അസാധുവാക്കുന്നതാണ്.

e. 2014 ഒക്ടോബർ 13-ലെ ഈ കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി അപ്പീൽവാദികൾ 30,00,000 രൂപ വിചാരണക്കോടതിയിൽ മുൻപേതന്നെ കെട്ടിവെച്ചിരുന്നു എന്നും എതിർകക്ഷികൾ വിധിപ്രസ്താവിതവസ്തുവിന്റെ ഉടമസ്ഥാവകാശം അപ്പീൽവാദികൾക്ക് കൈമാറാതെ അവർ അത് അനുഭവിക്കുകയായിരുന്നുവെന്നും.

f. 1882-ലെ വസ്തുക്കൈമാറ്റനിയമത്തിന്റെ സെക്ഷൻ 52 പ്രകാരം, ഈ മുൻപരാമർശിത കൈമാറ്റങ്ങൾ കോടതിവ്യവഹാരത്തിൽപ്പെട്ട ഒരു വസ്തുവിന്മേൽ കോടതിക്കുള്ള അധികാരത്താൽ നിഷ് പ്രഭമായിരിക്കുന്നു; അവ അനുവദനീയമായിരുന്നില്ല താനും. തന്നെയുമല്ല, സി.പി.സി. യുടെ ഓർഡർ XXI, റൂൾ 102-ന്റെ വെളിച്ചത്തിൽ 98, 100 എന്നീ റൂളുകൾ ഈ സാഹചര്യത്തിൽ ബാധകമാവുകയില്ല. നിർവാഹകകോടതിക്ക് എതിർകക്ഷികളുടെ ആക്ഷേപങ്ങൾ നിലനിൽക്കത്തക്കതാണ് എന്ന് തീരുമാനിക്കുക വഴി പിഴവ് പറ്റിയിരിക്കുന്നു.

11. ശ്രീ. ദിവാൻ ഈ കോടതിയുടെ ഇനി പറയുന്ന തീരുമാനങ്ങൾ അദ്ദേഹത്തിന്റെ വാദത്തിന് പിന്തുണയേകാൻ പരാമർശിച്ചു:

a. **ഉഷ സിൻഹ vs. ദിന റാം**[4] എന്ന വിധിന്യായത്തിൽ മറ്റ് കാര്യങ്ങളോടൊപ്പം ഈ കോടതി പറയുകയുണ്ടായി, കോടതിവ്യവഹാരത്തിൽ ഇരിക്കുന്ന ഒരു വസ്തു വാങ്ങിയ ആൾക്ക് അയാളുടെ അവകാശങ്ങൾ ഒരു വിധിയിൽ നിക്ഷിപ്തമല്ലാത്തതിനാൽ എതിർപ്പ് ഉന്നയിക്കാനോ തടസ്സങ്ങൾ സൃഷ്ടിക്കാനോ ഉള്ള യാതൊരു അവകാശങ്ങളുമില്ല.

b. **ബോർഡ് ഓഫ് ട്രസ്റ്റീസ് vs. നിഖിൽ ഗുപ്ത**[5] എന്ന വിധിന്യായത്തിൽ ഈ കോടതി മൂന്ന് ദശാബ്ദങ്ങൾ നീണ്ടുനിന്ന കോടതിവ്യവഹാരത്തിന് ശേഷം ലഭിച്ച ഒരു കുടിയൊഴിപ്പിക്കൽ വിധിയ്ക്ക് തടസ്സം സൃഷ്ടിച്ചവരോട് തങ്ങളുടെ ഉടമസ്ഥാവകാശം ഹർജിക്കാർക്ക് കൈമാറാൻ നിർദ്ദേശിച്ചു.

c. **ശ്രീറാം ഹൗസിങ്ങ് ഫൈനാൻസ് ആന്റ് ഇൻവെസ്റ്റ്മെന്റ്സ് ഇന്ത്യ ലിമിറ്റഡ് vs. ഒമേഷ് മിശ്ര മെമോറിയൽ ചാരിറ്റബിൾ ട്രസ്റ്റ്**[6] എന്ന വിധിന്യായത്തിൽ, ഓർഡർ XXI റൂൾ 97 അനുകൂലവിധി സമ്പാദിച്ച ഒരു വ്യക്തിയെ സ്ഥാവരസ്വത്തിന്റെ ഉടമസ്ഥാവകാശം ഏറ്റെടുക്കുന്നതിന് നേരേയുള്ള ഏതെങ്കിലും എതിർപ്പിനോ തടസ്സത്തിനോ എതിരെ പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിക്കുവാൻ സശക്തനാക്കുന്നുവെന്ന് ഈ കോടതി വ്യാഖ്യാനിച്ചു. മാത്രമല്ല, ഏത് അന്യായത്തിന്റെ വിധിയാണോ നടപ്പാക്കാനുള്ളത് അതിന്റെ വിധികടക്കാരനിൽ നിന്ന് അന്യായത്തിന്റെ സ്ഥാപനത്തിന് ശേഷം കോടതിയുടെ അധികാരപരിധിയിൽ നിൽക്കുന്ന ഒരു വസ്തു സ്വീകരിച്ച ഒരാളാണ് എതിർപ്പോ തടസ്സമോ ഉന്നയിക്കുന്നതെങ്കിൽ, 98, 100 എന്നീ റൂളുകൾ ആ സാഹചര്യത്തിൽ ബാധകമാകുന്നതല്ല എന്ന് റൂൾ 102 വ്യക്തമാക്കുന്നുവെന്നും മേൽപറഞ്ഞ വിധിയിൽ ഈ കോടതി വിശദമാക്കിയിട്ടുണ്ട്.

d. **ഫേം ഗൺപത് റാം രാജ്കുമാർ vs. കാലു റാം ആന്റ് അദേർസ്**[7] എന്ന വിധിന്യായത്തിൽ ഈ കോടതി പറഞ്ഞു, സുപ്രീം കോടതിയെ തെറ്റിദ്ധരിപ്പിക്കാനുള്ള ഉദ്ദേശ്യത്തോടെയുള്ള കോടതിയുടെ ഉത്തരവ് പാലിക്കാതിരിക്കൽ കക്ഷികളുടേതല്ലാത്ത കാരണത്താൽ ആ ഉത്തരവ് നടപ്പാകാതെയിരിക്കുന്ന അവസ്ഥയിലേക്ക് നയിക്കരുതെന്ന്.

4 (2008) 7 SCC 144
5 (2015) 10 SCC 1339
6 (2022) SCC OnLine SC 794
7 (1989) Supp 2 SCC 418

12. ശ്രീ. ദിവാൻ, ഇപ്രകാരം, ഈ കേസിലെ നീതി നടപ്പാക്കുവാൻ അപവദിത ഉത്തരവ് റദ്ദാക്കണമെന്നും എതിർകക്ഷികൾ ഉയർത്തിയ തടസ്സങ്ങൾ ഒഴിവാക്കി അപ്പീൽവാദികൾക്ക് വിധിപ്രസ്താവിതവസ്തുവിന്റെ ഉടമസ്ഥാവകാശം കൈമാറണമെന്ന് നിർവാഹക കോടതിയോട് നിർദ്ദേശിക്കണമെന്നും അഭ്യർത്ഥിച്ചു.

13. മറുഭാഗത്ത്, എതിർകക്ഷികളുടെ പണ്ഡിതനായ മുതിർന്ന അഭിഭാഷകൻ ശ്രീ. ചിതംബരേഷ് വാദിച്ചു:

a. ശ്രീ. മാത്യു മുഴുവൻ വിധിപ്രസ്താവിതവസ്തുവിന്റെയും കൂടിയാനായിരുന്നുവെന്നും അതിന്റെ ഒരു ഭാഗത്തിൽ ശ്രീ. തോമസിനോടും ശ്രീ. അബ്രഹാമിനോടും കൂടി ശ്രീ. മാത്യു കെട്ടിടങ്ങൾ പണിതിരുന്നുവെന്നും. ലാൻഡ് ട്രൈബ്യൂണലിന് മുമ്പാകെ വന്ന എസ്.എം. നമ്പർ 107/1992-ൽ ശ്രീമതി ചെറിയാൻ കക്ഷിയായിരുന്നെങ്കിലും ശ്രീ. മാത്യുവിന് നൽകപ്പെട്ട വാങ്ങൽരേഖക്കെതിരെ അവർ എതിർപ്പൊന്നും ഉന്നയിച്ചില്ല. തന്നെയുമല്ല, മറ്റ് രണ്ട് വാങ്ങൽരേഖകൾ കൂടി ലാൻഡ് ട്രൈബ്യൂണൽ ചില എതിർകക്ഷികൾക്ക് എസ്. എം. 55, 56/1989 എന്ന വ്യവഹാരങ്ങളിലൂടെ നൽകിയിരുന്നു.

b. **ചീരാൻതൊടിക അഹമ്മദ്കുട്ടി & അനദർ vs. പരമ്പൂർ മറിയക്കുട്ടി ഉമ്മ & അദേർസ്**[8] എന്ന കേസിൽ ഈ കോടതി വിധിച്ചത് പ്രകാരം വാങ്ങൽരേഖകളുടെ നിജസ്ഥിതിയിൽ സംശയം ഉന്നയിക്കത്തക്ക ഏതെങ്കിലും തെളിവുകളുടെ അഭാവത്തിൽ അവയ്ക്ക് നിയമപ്രകാരമുള്ള പ്രാധാന്യം കൊടുക്കേണ്ടിയിരുന്നു എന്ന നിരീക്ഷണത്തെ ചുവടുപറ്റി കെ.എൽ.ആർ. നിയമത്തിന്റെ സെക്ഷൻ 72 കെ. പ്രകാരം സ്വമേധയാനടപടികളിൽ നൽകപ്പെട്ട, ശ്രീ. മാത്യുവിന് മറ്റുള്ളവരോടൊപ്പം ഉപകാരപ്പെടുന്ന വാങ്ങൽരേഖ ഉടമസ്ഥാവകാശത്തിന്റെ അന്തിമതെളിവാണെന്നും, അത് എതിർക്കപ്പെടാതെ നിലനിൽക്കുന്നതിനാൽ കോടതി നേരത്തെ തീർപ്പുകൽപ്പിച്ച ഒരു കാര്യമായി അത് നടപ്പിലാകേണ്ടതാണെന്നും ബോധിപ്പിച്ചു.

c. എതിർകക്ഷികൾ ആക്ഷേപം ഉന്നയിച്ചിരിക്കുന്നത് അവർ വിധികടക്കാരിൽ നിന്ന് സ്വതന്ത്രമായി ഉടമസ്ഥാവകാശം സ്ഥാപിച്ചതിനാലാണെന്നും അതിനാൽ അവരുടെ ആക്ഷേപം നിർവാഹകകോടതി തീർപ്പുകൽപ്പിക്കേണ്ടതാണെന്നും.

d. അതിനുമപ്പുറം, നിർവാഹക കോടതി തന്നെയാണ് ആക്ഷേപങ്ങൾ ഉന്നയിച്ചവരുടെ അപേക്ഷകൾ നിലനിൽക്കത്തക്കതാണെന്ന് തീരുമാനിച്ചത്; അവയുടെ ഗുണദോഷങ്ങളെ വിധിക്കുന്നത് ബാക്കിനിൽക്കെ, അത്തരമൊരു സാഹചര്യത്തിൽ ഈ കോടതി ഇടപെടേണ്ടിയിരുന്നില്ല.

8 (2000) 2 SCC 417

e. **ബ്രഹ്മദെയ് ചൗധരി vs. ഋഷികേഷ് പ്രസാദ് ജയ്സ്വാൽ**[9] എന്ന വിധിന്യായം സി.പി.സി. സെക്ഷൻ 47, ഓർഡർ XXI റൂൾ 97-നോടൊപ്പം ചേർത്തുവായിക്കുന്നത് പ്രകാരം, ഉന്നയിക്കപ്പെട്ട അവകാശവാദം വിധികടക്കാരന്റെ അവകാശത്തിൽ നിന്നും സ്വതന്ത്രമായി നിൽക്കുന്നുവെങ്കിൽപ്പോലും നിലനിൽക്കത്തക്കതാണ് എന്ന പ്രസ്താവത്തിന് ആധികാരികത നൽകുന്നു.

f. **ടി. വിജേന്ദ്രദാസ് & അനദർ vs. എം. സുബ്രമണ്യൻ & അദേർസ്**[10] എന്ന കേസിലെ തീരുമാനം ചതിപ്രയോഗത്തിലൂടെ നേടിയെടുത്ത ഒരു വിധിന്യായമോ ഉത്തരവോ സ്വയം അസാധുവാകുന്നു എന്നാകുന്നു; എ.എസ്. നമ്പർ 27/1991-ലെ വിധിന്യായം ശ്രീ. മാത്യുവിന്റെ നിയമപ്രകാരമുള്ള എല്ലാ പ്രതിനിധികളെയും കക്ഷിചേർക്കാതെ നേടിയതായതിനാൽ, ആ നടപടിക്രമങ്ങൾ വഞ്ചനയാൽ കളങ്കിതമായതാണ്, സത്യത്തെ മൂടിവെച്ചതിനാൽ അത് അയോഗ്യമായിത്തീർന്നു.

g. **ഐ.ടി.ഐ. ലിമിറ്റഡ് v. സീമെൻസ് പബ്ലിക് കമ്മ്യൂണിക്കേഷൻസ് നെറ്റ്വർക്ക് ലിമിറ്റഡ്**[11] എന്ന കേസിൽ ഈ കോടതി രേഖപ്പെടുത്തിയിട്ടുണ്ട്, ഒരു അപ്പീൽ നേരിട്ട് കേൾക്കുവാനുള്ള അതിന്റെ വിശാലമായ അധികാരങ്ങൾ നിലനിൽക്കെത്തന്നെ, വ്യവഹാരികളെ കൂടുതൽ കാര്യക്ഷമമായ പരിഹാരത്തിന്റെ പ്രതീക്ഷയിൽ നിലവിൽ ലഭ്യമായ മറ്റ് നിയമപരമായ പോംവഴികളെ മറികടക്കാൻ പ്രോത്സാഹിപ്പിക്കരുതെന്ന്.

h. **കൊളംബിയ സ്പോർട്ട് വെയർ കമ്പനി v. ഡയറക്ടർ ഓഫ് ഇൻകം ടാക്സ്, ബാംഗ്ളൂർ,**[12] എന്ന കേസിലെ ഈ കോടതിയുടെ അഭിപ്രായപ്രകാരം ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 136 പ്രകാരമുള്ള പ്രത്യേക ഇളവ് നൽകാനുള്ള വിവേചനാധികാരത്തിന്റെ പ്രയോഗം പൊതുപ്രാധാന്യമുള്ള ഒരു സുപ്രധാന വിഷയത്തിലോ ഈ കോടതി മുൻപാകെ തന്നെ തീരുമാനമാകാതെ തുടരുന്ന കേസുകളിലോ മാത്രമേ പ്രോത്സാഹിപ്പിക്കേണ്ടതുള്ളൂ, പ്രത്യേകിച്ചും ഭരണഘടനയുടെ അനുച്ഛേദം 226, 227 എന്നിവ പ്രകാരം ഹൈക്കോടതിക്ക് ഇതേ കാരണങ്ങളാൽ പരിഹാരങ്ങൾ നൽകാവുന്നതാണെങ്കിൽ. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 136 പ്രകാരം പുന:പരിശോധനയുടെയോ അപ്പീലിന്റെയോ അധികാരപരിധിയുള്ള ഉചിതമായ വേദിയിൽ ഉന്നയിക്കാതെ ഈ കോടതിയെ നേരിട്ട് സമീപിച്ച അപ്പീൽവാദികളുടെ നടപടി ഈ തീരുമാനപ്രകാരം വിമർശനാർഹമാണ്.

---

9 (1997) 3 SCC 694
10 (2007) 8 SCC 751
11 (2002) 5 SCC 510
12 (2012) 11 SCC 224

i. കോടതിവ്യവഹാരങ്ങൾ നിലവിലുള്ള വസ്തുക്കളുടെ ഉടമസ്ഥാവകാശം കോടതിയുടെ അധികാരപരിധിക്ക് വിധേയമായിരിക്കും എന്ന തത്ത്വത്തിന്റെ പ്രയോഗം ഈ കേസിന്റെ വസ്തുതകൾക്കും സാഹചര്യങ്ങൾക്കും ബാധകമല്ല കാരണം വിൽപനകൾ നിലവിൽ വരുത്തിയത് വ്യവഹാരങ്ങളൊന്നും തന്നെ തീർച്ചപ്പെടുത്താതെ നിലവിലില്ലാതിരുന്ന ഒരു സമയത്താണ്.

14. ഈ മുൻപേ പറഞ്ഞ വാദങ്ങളെ ആശ്രയിച്ച് കൊണ്ട്, അപ്പീൽവാദികൾ ഈ കോടതിയുടെ ഇടപെടൽ സാധൂകരിക്കുന്ന വാദങ്ങളൊന്നും തന്നെ നിരത്തിയില്ല എന്നും ആക്ഷേപങ്ങളുടെ ഗുണദോഷങ്ങൾ സ്വതന്ത്രമായി നിർണ്ണയിക്കാൻ നിർവാഹക കോടതിയെ അനുവദിക്കേണ്ടതണെന്നും ശ്രീ. ചിതംബരേഷ് അഭ്യർത്ഥിച്ചു.

15. ഈ അവസ്ഥയിൽ ഈ കോടതിയാൽ തീർപ്പ് കൽപിക്കപ്പെടാൻ ബാക്കിയുള്ള ഒരേയൊരു വിഷയം എന്തെന്നാൽ, അപ്പീലിൽ ഉന്നയിച്ചിരിക്കുന്ന പൊതു ഉത്തരവിനെതിരെയുള്ള ഇടപെടൽ ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളതാണ്.

16. ഈ കോടതിയുടെ സുചിന്തിതമായ കാഴ്ചപ്പാടിൽ, ഒന്നിലധികം കാരണങ്ങളാൽ അപ്പീൽവാദികൾ അവകാശപ്പെടുന്ന പരിഹാരം നിരസിക്കപ്പെടേണ്ടതാണ്.

17. വിധികളുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട പരമപ്രധാന വ്യവസ്ഥകളിലൊന്നായ സി.പി.സി. യുടെ സെക്ഷൻ 47 നിഷ്കർഷിക്കുന്നത് വിധി നടപ്പാക്കുന്ന കോടതി തന്നെ അന്യായത്തിന്റെ കക്ഷികൾ തമ്മിലോ അവരുടെ പ്രതിനിധികൾ തമ്മിലോ വിധിയുടെ നടപ്പാക്കൽ, നീതിനിർവഹണം, പൂർത്തീകരണം എന്നിവയുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന എല്ലാ ചോദ്യങ്ങൾക്കും തീർപ്പ് കൽപ്പിക്കേണ്ടതാണെന്നും അത്തരം ചോദ്യങ്ങൾ ഒരു പ്രത്യേക അന്യായത്തിലൂടെ തീർപ്പ് കൽപ്പിക്കേണ്ടതില്ല എന്നുമാണ്. നിർവാഹക കോടതിക്ക് നൽകിയിരിക്കുന്ന ഈ പ്രത്യേകാധികാരം കൊണ്ട് ഉദ്ദേശിക്കുന്നത് അനാവശ്യവും ഉപകാരമില്ലാത്തതുമായ നിയമവ്യവഹാരങ്ങളെ തടയാനും വിധിയുടെ നടപ്പാക്കൽ, നീതിനിർവഹണം, പൂർത്തീകരണം എന്നിവയുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന ചോദ്യങ്ങൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കാനുമാണ്. ശരിയായ അധികാരപരിധിയിലുള്ള ഒരു കോടതി പുറപ്പെടുവിച്ച വിധിയുടെ നിർവഹണത്തെ തടയുന്ന എന്തെങ്കിലും എതിർപ്പോ തടസ്സമോ ഉയർന്നാൽ, കക്ഷികൾ സ്വതന്ത്രമായ അന്യായങ്ങൾ സ്ഥാപിച്ച് കോടതിവ്യവഹാരത്തെ നീട്ടിക്കൊണ്ടുപോകുന്നത് ഒഴിവാക്കാനായി, അനുകൂലവിധി സമ്പാദിച്ചവരുടെയും മൂന്നാം കക്ഷികളുടെയും അവർക്കിടയിൽത്തന്നെ ഉയരുന്ന അത്തരം അവകാശവാദങ്ങളെ നിർവാഹക നടപടികളിൽ തന്നെ വിശദമായി കേട്ട് തീർപ്പ് കൽപ്പിക്കാനായി

ഓർഡർ XXI-ന്റെ 97, 101, 98 റൂളുകൾ നിർവാഹക കോടതിയെ സശക്തമാക്കുന്നുണ്ട്. സി.പി.സി.യുടെ ഓർഡർ XXI-ൽ 97 മുതൽ 106 വരെ റൂളുകളിൽ *"വിധിയുടമയ്ക്കോ ക്രേതാവിനോ കൈവശം ഡെലിവർ ചെയ്യുന്നതിലുള്ള ചെറുപ്പ്"* എന്ന ശീർഷകത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ ഒരു സമ്പൂർണ്ണ നിയമസംഹിതയായിത്തന്നെ ഈ കോടതി **ബ്രഹ്മദെയ് ചൗധരി**യിലും *(മേൽപരാമർശം)* **അസ്ഗർ vs. മോഹൻ വെർമ**[13] എന്ന ഈയടുത്ത് പുറപ്പെടുവിച്ച വിധിന്യായത്തിലും പരാമർശിച്ചിരിക്കുന്നു. ഈ അവസാനം പരാമർശിച്ച തീരുമാനത്തിൽ, ഓർഡർ XXI-ലെ 97 മുതൽ 106 വരെ റൂളുകളെ, നടപ്പാക്കുന്ന വിധിയെക്കുറിച്ച് ഉണ്ടാകുന്ന പ്രശ്നങ്ങൾക്കു ഒരു അന്യായത്തിന്റെ കക്ഷികൾക്കും അപരിചിതർക്കും ഒരുപോലെ ഉണ്ടാകുന്ന ഏകപരിഹാരമായാണ് കണക്കാക്കുന്നത്.

18. **ഭൻവർ ലാൽ vs. സത്യനരെയ്ൻ**[14] എന്ന കേസിൽ വിധികടക്കാരിൽ നിന്ന് ഉത്ഭവിക്കുന്ന ഉടമസ്ഥാവകാശം അവകാശപ്പെടുകയോ സ്വതന്ത്രമായി അവകാശമോ ഉടമസ്ഥാവകാശമോ താത്പര്യമോ പ്രകടിപ്പിക്കുകയോ വഴി ഒരു വ്യക്തി വിധികടക്കാരനെ അപ്രസക്തമാക്കുന്നുണ്ടെങ്കിൽ, നിർവാഹക കോടതിക്ക്, റൂൾ 35(3) പ്രകാരമുള്ള അധികാരങ്ങൾക്ക് പുറമേ, വിധി നടപ്പാക്കുന്ന സമയത്ത് തന്നെ ആ വ്യക്തി മുന്നോട്ടുവെച്ച തടസ്സം നിയമപരമാണോ അല്ലയോ എന്ന അന്വേഷണം നടത്താനുള്ള അധികാരമുണ്ടെന്ന് ഈ കോടതി വിധിച്ചു.

19. **നൂർദ്ദീൻ v. ഡോ. കെ. എൽ. ആനന്ദ്**[15] എന്ന കേസിൽ ഈ കോടതി ആവർത്തിച്ചു, നിർവാഹക കോടതിക്ക് ഒരു തടസ്സം ഉയർത്തുന്ന ആളുടെ അവകാശവാദം തീർപ്പ് കൽപ്പിക്കേണ്ടതുണ്ട്, ഉന്നയിക്കപ്പെട്ട അവകാശവാദം അനുവദിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ ഉള്ള അതിന്റെ കണ്ടെത്തൽ രേഖപ്പെടുത്തേണ്ടതുമുണ്ട്, ആ വ്യക്തി മുൻ നടപടിക്രമങ്ങളുടെ കക്ഷിയല്ലെങ്കിലും, ആ വിധി അയാൾക്കെതിരെയാണ് പുറപ്പെടുവിച്ചതെങ്കിൽപ്പോലും.

20. വീണ്ടും ഒരിക്കൽക്കൂടി, **ബാബുരാജ് v. രാജ് കുമാർ & അദേർസ്**[16] എന്ന കേസിൽ അപവദിത ഉത്തരവ് ഒഴിവാക്കിയതിന് ശേഷം, ആക്ഷേപക്കാരൻ ഉണ്ടാക്കിയ പ്രതിബന്ധം മാറ്റുന്നതിന് മുൻപ് ഓർഡർ XXI-ലെ റൂൾ 98 പ്രകാരം ഒരു നിർണ്ണയം നടത്തേണ്ടതുണ്ടെന്നും അതിനെക്കുറിച്ച് ഒരു കണ്ടെത്തൽ രേഖപ്പെടുത്തേണ്ടതുണ്ട് എന്നും ഈ കോടതി വിധിച്ചു. എപ്പോഴാണ് അപ്പീൽവാദികൾ വിധിയുടെ നടപ്പാക്കലിനിതിരെ ആക്ഷേപം ഉന്നയിച്ചത് എന്നുള്ള ചോദ്യവും പ്രത്യേക കാര്യത്തിനായി പുറപ്പെടുവിച്ച ഒരു വിധിക്ക് കക്ഷികളല്ലാതിരുന്ന അപ്പീൽവാദികളെ സംബന്ധിച്ച

13 (2020) 16 SCC 230
14 (1995) 1 SCC 6
15 (1995) 1 SCC 242
16 (1996) 3 SCC 154

ചോദ്യങ്ങളെയും തീർപ്പ് കൽപ്പിക്കേണ്ടത് നിർവാഹക കോടതി തന്നെയാണ് എന്നും വിധിക്കുകയുണ്ടായി.

21. ശ്രീ. ചിതംബരേഷ് പരാമർശിച്ച **ബ്രഹ്മദെയ് ചൗധരി**യിലെ *(മേൽപരാമർശം)* തീരുമാനവും ഇതേ പ്രകാരമാണ്.

22. ഓർഡർ XXI-ലെ 97 മുതൽ 106 വരെയുള്ള റൂളുകളുടെ ഘടന പരിശോധിച്ചുകൊണ്ട് **സിൽവർലൈൻ ഫോറം പ്രൈവറ്റ് ലിമിറ്റഡ് v. രാജീവ് ട്രസ്റ്റ് & അനദർ**[17] എന്ന കേസിൽ, നടപ്പാക്കപ്പെടുന്ന വിധിക്കെതിരെ ഒരു മൂന്നാം കക്ഷി ഉയർത്തുന്ന പ്രതിബന്ധങ്ങളോ എതിർപ്പോ ഓർഡർ XXI-ലെ റൂൾ 97 പ്രകാരം തീർപ്പ് കൽപ്പിക്കാൻ സാധിക്കുകയില്ല എന്ന ഹൈക്കോടതിയുടെ നിരീക്ഷണത്തോട് യോജിക്കുവാൻ ഈ കോടതിക്ക് സാധിച്ചില്ല. 97 മുതൽ 106 വരെയുള്ള റൂളുകൾ പരാമർശിച്ചുകൊണ്ട് അവ ഏതെങ്കിലും ഒരു വ്യക്തി ഉയർത്തുന്ന എല്ലാത്തരത്തിലുമുള്ള പ്രതിബന്ധങ്ങളെയോ എതിർപ്പിനെയോ നേരിടാനുള്ളവയാണെന്നും, ഒപ്പം റൂൾ 97(2) അത്തരമൊരു പരാതിയെ എഴുതപ്പെട്ട ഒരു നടപടിക്രമം അനുസരിച്ച് വിസ്തരിച്ച് തീർപ്പ് കൽപ്പിക്കുവാൻ ആ കോടതിയെ ചുമതലപ്പെടുത്തുന്നുണ്ട് എന്നും ഈ കോടതി നിരീക്ഷിക്കുകയുണ്ടായി. ഈ കോടതി തുടർന്ന് നിരീക്ഷിച്ചു:

> *"എതിർപ്പ് ഉന്നയിക്കുന്നതോ തടസ്സപ്പെടുത്തുന്നതോ ആയ ആൾ വിധിയാൽ ബന്ധിതനും വസ്തു ഒഴിഞ്ഞുകൊടുക്കാൻ നിരസിക്കുന്നതുമായ ഒരാളാണോ എന്ന് നിർവാഹക കോടതിക്ക് തീരുമാനിക്കാം. നിയമസംഹിതയുടെ ഓർഡർ 21, റൂൾ 97(2)-ൽ വിശദമാക്കിയിരിക്കുന്ന വിധിനിർണയപ്രക്രിയക്ക് കീഴിൽ വരുന്ന ഒരു ചോദ്യമാണത്. അവിടെ പരാമർശിച്ചിരിക്കുന്ന വിധിനിർണയപ്രക്രിയയിൽ വിശദമായ ഒരു അന്വേഷണമോ തെളിവെടുക്കലോ നിർബന്ധമായും ഉൾപ്പെടുത്തേണ്ട കാര്യമില്ല. അംഗീകരിക്കപ്പെട്ട വസ്തുതകളുടെയോ തടസ്സക്കാരന്റെ ആരോപണങ്ങളുടെയോ അടിസ്ഥാനത്തിൽ കോടതിക്ക് വിധിനിർണയം നടത്താവുന്നതാണ്. തീർച്ചയായും, അത്തരമൊരു വിധി പുറപ്പെടുവിക്കാൻ കൂടുതൽ തെളിവുകൾ കോടതിക്ക് ആവശ്യമെന്ന് തോന്നുന്നപക്ഷം കക്ഷികളോട് അവ ഹാജരാക്കാൻ കോടതിക്ക് നിർദ്ദേശിക്കാവുന്നതാണ്".*

17 (1998) 3 SCC 723

23. മാതൃകകളായ പൂർവവിധിന്യായങ്ങളുടെ ഒരു നീണ്ടനിര നിൽക്കെത്തന്നെ, ഓർഡർ XXI-ലെ റൂൾ 102-ലെ നിയമവിധി പ്രകാരം 98, 100 എന്നീ റൂളുകൾ, സ്ഥാവരസ്വത്തുക്കളുടെ ഉടമസ്ഥാവകാശം കൈ മാറുന്ന വിധി നടപ്പാക്കുന്നതിനെതിരെ വിധികടക്കാരനിൽ നിന്ന് വിധി പുറപ്പെടുവിച്ച അന്യായം സ്ഥാപിച്ചതിന് ശേഷം വസ്തു സ്വീകരിച്ചയാൾ ഉയർത്തുന്ന എതിർപ്പിനോ തടസ്സത്തിനോ ബാധകമല്ല.

24. ശ്രീ. ദിവാന്റെ ന്യായവാദത്തിന്റെ ഊന്നൽ എന്താണെന്നാൽ, എതിർകക്ഷികൾ കോടതിവ്യവഹാരം നിലനിൽക്കെത്തന്നെ വസ്തു കൈമാറിക്കിട്ടിയ ആളുകളായതിനാൽ, ഉടമസ്ഥാവകാശം സംബന്ധിച്ച് കോടതിയുടെ പരിഗണനയിലിരിക്കുന്ന വസ്തുക്കൈമാറ്റങ്ങൾക്ക് ബാധകമാകുന്ന *ലിസ്പെൻഡൻസ്* എന്ന തത്ത്വം ബാധകമാണെന്നും, റൂൾ 102-ലെ വ്യക്തമായ വ്യവസ്ഥകളുടെ വെളിച്ചത്തിൽ അവരുടെ ആക്ഷേപങ്ങൾ നിലനിൽക്കത്തക്കതല്ലെന്നും ആകുന്നു; ആയതിനാൽ റൂൾ 98 പ്രകാരമുള്ള സംരക്ഷണത്തിൽ അവരുടെ അവകാശവാദങ്ങൾ തീർപ്പ് കൽപ്പിക്കപ്പെടാനുള്ള അർഹതയില്ല.

25. ഒറ്റനോട്ടത്തിൽ ആകർഷകമെന്ന് തോന്നുന്ന ഈ വാദം, പക്ഷേ ഇവിടെ സംജാതമായിരിക്കുന്ന ചില പ്രത്യേക വസ്തുതകളുടെ വെളിച്ചത്തിൽ അപ്രസക്തമാകുന്നു. വസ്തുതാഖ്യാനത്തിൽ നിന്ന് മനസ്സിലാകുന്നത്, ശ്രീമതി ചെറിയാൻ 1987-ൽ സ്ഥാപിച്ച അന്യായം തുടക്കത്തിൽ 1989 നവംബർ 16-ന് തള്ളിയിരുന്നുവെന്നും 1991-ൽ ഒരു അപ്പീൽ പരിഗണിക്കവെ, അന്യായം ഹൈക്കോടതിയുടെ 1998 ഡിസംബർ 18-ലെ ഉത്തരവ് പ്രകാരം വിചാരണ കോടതിയുടെ ഫയലിൽ തന്നെ പുന:സ്ഥാപിക്കുകയായിരുന്നുവെന്നുമാണ്. അന്യായം തള്ളിയതിന് ശേഷവും, വ്യവഹാരങ്ങളൊന്നും തീർച്ചപ്പെടുത്താതെയിരുന്ന ഒരു കാലയളവിൽ കൈമാറ്റങ്ങൾ നടന്നിട്ടുണ്ടെങ്കിൽ, ശ്രീ. മാത്യു എതിർകക്ഷികൾക്ക് നടത്തിയ ഏതെങ്കിലും വസ്തുക്കൈമാറ്റങ്ങൾക്ക് റൂൾ 102 ബാധകമാകുമോ എന്ന ചോദ്യം നിർവാഹക കോടതിക്ക് തന്നെ ഉചിതമായി നിർണ്ണയിക്കാൻ സാധിക്കും. അത് നിശ്ചയമായും കക്ഷികൾ തന്നെ മുൻകൈയെടുത്ത് തെളിവുകൾ സമർപ്പിച്ച് നടക്കേണ്ട ഒരു പ്രവൃത്തിയാണെന്ന് മാത്രമല്ല, 2000 ഒക്ടോബറിന് 21-ന് അന്യായം അന്തിമമായി വിധിക്കുകയും നഷ്ടപരിഹാരത്തുകയിലെ ചെറുതായ മാറ്റത്തോടൊപ്പം അന്തിമമായി ശരിവെക്കുകയും ചെയ്ത എന്നത് എതിർകക്ഷികൾ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് ന്യായമില്ല എന്ന് പറഞ്ഞ് അവയെ ചവറ്റുകൊട്ടയിൽ തള്ളാനുള്ള മതിയായ കാരണമല്ല.

26. അത് മാത്രമല്ല, ശ്രീമതി ചെറിയാന് ശ്രീ. മാത്യു എതിർകക്ഷികൾക്ക് നടത്തിയ കൈമാറ്റങ്ങളെക്കുറിച്ച് വിവരം നൽകിയ ലാൻഡ് ടൈബ്യൂണലിലെ നടപടികളിലൂടെ ശ്രീ. മാത്യുവിന് ലഭിച്ച വാങ്ങൽരേഖയുടെ ഫലം കൂടി നിർവാഹക കോടതി പരിശോധിക്കേണ്ടതുണ്ട്.

ശ്രദ്ധിക്കേണ്ടതെന്തെന്നാൽ, ആ വാങ്ങൽരേഖ കെ.എൽ.ആർ. നിയമത്തിന്റെ അടിസ്ഥാനത്തിൽ നൽകപ്പെട്ടതാണെന്നും അതിനെ ശ്രീമതി ചെറിയാൻ എതിർത്തിരുന്നില്ല എന്നും സിവിൽ നടപടിക്രമങ്ങളുടെ ഒരു ഘട്ടത്തിലും അവർ അതിനെക്കുറിച്ച് വെളിപ്പെടുത്തിയിരുന്നില്ലെന്നും എതിർകക്ഷികളുടെ ന്യായവാദത്തിൽ അവർ അവകാശപ്പെടുന്നു.

27. ഹൈക്കോടതി പുറപ്പെടുവിച്ച 2018 ഏപ്രിൽ 5-ന്റെ ഇതുവരെ എതിർക്കപ്പെടാത്ത ഉത്തരവിനെത്തുടർന്നുണ്ടായ നിർവാഹക കോടതിയുടെ അപവദിത ഉത്തരവ് ആക്ഷേപങ്ങൾ നിലനിൽക്കത്തക്കതാണെന്ന് വിലയിരുത്തി, കുറഞ്ഞ പക്ഷം ഒരു അന്വേഷണമെങ്കിലും അർഹിക്കുന്നതായി കണ്ടെത്തി. വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ കോടതിക്ക് ഇടപെടൽ ആവശ്യപ്പെടുന്ന നിയമപരമായ ഒരു പോരായ്മയും അത്തരമൊരു ഉത്തരവിൽ കാണുവാൻ സാധിക്കുന്നില്ല.

28. നഷ്ടപരിഹാരത്തുക ഒരു ചെറിയ അളവിൽ ഉയർത്തിക്കൊണ്ട് ശ്രീ. തോമസിന്റെയും ശ്രീ. അബ്രഹാമിന്റെയും സ്പെഷ്യൽ ലീവ് പെറ്റീഷൻ തീർപ്പു കൽപിച്ച ഈ കോടതിയുടെ 2014 ഒക്ടോബർ 13-ന്റെ ഉത്തരവിന്റെ ഫലം പരിശോധിക്കാൻ ഇപ്പോൾ സമയമായിരിക്കുന്നു. 2014 ഫെബ്രുവരി 11-ലെ ആദ്യ അപ്പീൽ വിധിയിൽ ഈ കോടതി ഇടപെട്ടില്ല എന്ന ലളിതമായ കാരണമൊന്ന് കൊണ്ട് മാത്രം റൂൾ 101-ൽ പറഞ്ഞിരിക്കും വിധമുള്ള ഒരു അന്വേഷണം നടത്താൻ സാധിക്കില്ല എന്ന് കരുതാനാവില്ല. 2014 ഒക്ടോബർ 13-ലെ ഉത്തരവ് വിധി-ഉടമകളും അവിടെ സന്നിഹിതരാകാതിരുന്ന അപരിചിതർ/മൂന്നാം കക്ഷികളും തമ്മിലുള്ള വിവാദങ്ങൾക്ക് അറുതിവരുത്തി എന്ന് കണക്കാക്കി സ്വന്തം വീക്ഷണം നിഷ്പക്ഷമല്ലാതാക്കാൻ ഈ കോടതിക്ക് താത്പര്യമില്ല. ഈ കോടതിയുടെ അന്തസ്സും അഭിമാനവും പ്രൗഢിയും കാത്തുസൂക്ഷിക്കേണ്ടതുണ്ട് എന്നതിനെ എതിർത്ത് സംസാരിക്കാൻ സാധിക്കില്ല എങ്കിൽപ്പോലും, അപ്പീൽവാദികൾ ഒരു വശത്തും ശ്രീ. തോമസും ശ്രീ. അബ്രഹാമും മറുവശത്തുമായി ഉണ്ടായ പ്രശ്നങ്ങൾക്ക് അന്തിമമായി ഒരു തീരുമാനമായതാണെങ്കിൽക്കൂടിയും, ഓർഡർ XXI-ലെ 97 മുതൽ 103 വരെയുള്ള റൂളുകൾ ഉടമസ്ഥാവകാശം വീണ്ടെടുക്കാനുള്ള വിധി ബാധകമല്ലാതിരിക്കുന്ന അപരിചിതർ/മൂന്നാം കക്ഷികൾ എന്നിവർക്ക് നൽകുന്ന യഥാർഥമായ അവകാശത്തെ ഫലവത്താക്കാതെ തകിടം മറിക്കുന്ന അപ്പീൽവാദികളുടെ ന്യായവാദം ഉയർത്തിപ്പിടിക്കുവാൻ തക്കതായ ഒരു കാരണമായി ഈ കോടതി അതിനെ കാണുന്നില്ല. വിധിപ്രസ്താവിതവസ്തുവിലെ താന്താങ്ങളുടെ ഭാഗങ്ങളിന്മേലുള്ള അവകാശം, ഉടമസ്ഥത, പലിശ എന്നിവയിൽ എതിർകക്ഷികൾ ഉന്നയിച്ചിരിക്കുന്ന അവകാശവാദങ്ങൾ ഈ അന്തിമഘട്ടത്തിൽ തള്ളിക്കളയാവുന്നതല്ല, കാരണം അവർക്ക് സി.പി.സി.യുടെ ഓർഡർ XXI, റൂൾ 97 പ്രകാരം അപ്പീൽവാദികൾ ഫയൽ ചെയ്ത അപേക്ഷയെ പ്രതിരോധിക്കാനുള്ള അവകാശമുണ്ട്. അതിനായി തെളിവുകൾ കോടതിക്ക് മുൻപാകെ ഹാജരാക്കേണ്ടതുണ്ട് എന്നതിനാൽ

ആക്ഷേപങ്ങൾ ഈ ഘട്ടത്തിൽ നിലനിൽക്കത്തക്കതാണ് എന്ന നിർവാഹക കോടതിയുടെ തീരുമാനം തികച്ചും ശരിയായിരുന്നു, വിധി അവർക്കെതിരെ നടപ്പാക്കാൻ സാധിക്കുന്നതല്ല എന്ന അർത്ഥത്തിലല്ല, പക്ഷേ പ്രഥമദൃഷ്ട്യാ ഒരു അന്വേഷണത്തിനും കക്ഷികൾ തെളിവുകൾ അവതരിപ്പിച്ച് കേസ് മുന്നോട്ടുപോകേണ്ടതിനും ഉള്ള ഒരു സാഹചര്യം ഈ കേസിൽ സംജാതമാക്കിയിട്ടുണ്ട് എന്ന അർത്ഥത്തിൽ. റൂൾ 101-ൽ പരാമർശിച്ചിരിക്കുന്ന ചോദ്യങ്ങൾ തീർപ്പു കൽപ്പിച്ചതിന് ശേഷം, നിർവാഹക കോടതി റൂൾ 98 പറയും പ്രകാരം മുന്നോട്ടുപോകുമെന്ന് ഈ കോടതിക്ക് ഉറപ്പുണ്ട്.

29. മാത്രമല്ല, നിർവാഹക കോടതിയുടെ ഉത്തരവിനെതിരെ അപ്പീൽവാദികൾ ഹൈക്കോടതിയിൽ ഉത്തരവിനെ ചോദ്യം ചെയ്യാതെ സമർപ്പിച്ച മേൽപരാമർശിത അപ്പീലുകൾ ഈ കോടതി പ്രോത്സാഹിപ്പിക്കേണ്ടതില്ല എന്ന് ശ്രീ. ചിതംബരേഷ് ബോധിപ്പിക്കുമ്പോൾ അദ്ദേഹം ശരിയാണ് താനും. ശ്രീ. ചിതംബരേഷ് സൂചിപ്പിച്ച **ഐ.ടി.ഐ ലിമിട്ടഡ്** *(മേൽപരാമർശം)* എന്ന തീരുമാനത്തിലെ നിരീക്ഷണം എന്തെന്നാൽ, നിയമവ്യവഹാരികളെ സുപ്രീംകോടതിയിലേക്ക് *രണ്ട് മൂന്ന് കുതിച്ചുചാട്ടങ്ങൾ കൊണ്ട്* എത്തിച്ചേരാൻ പെട്ടെന്നു ലഭിക്കുന്നതും ഫലപ്രദമായതുമായ ഒരു പരിഹാരമല്ലാതെ മറ്റ് കാരണങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. നിലവിലെ കീഴ്വഴക്കം എന്ന നിലയിൽ, സുപ്രീം കോടതി അതിന്റെ വിവേചനാധികാരത്തിൽ ട്രൈബ്യൂണലുകളുടെയോ കോടതികളുടെയോ ഉത്തരവുകളിൽ നിന്ന് നേരിട്ട് ഹൈക്കോടതിയെ സമീപിക്കാതെയുള്ള സ്പെഷ്യൽ ലീവ് ഹർജികൾ സ്വീകരിക്കാറില്ല, പൊതുപ്രാധാന്യമുള്ള ഗൗരവചോദ്യങ്ങൾ ഉൾപ്പെട്ട കേസുകളിലോ (സുപ്രീം കോടതിയുടെ) പരിഗണനയിലുള്ള ഒരു സമാന പ്രശ്നത്തിലോ ഒഴികെ. **കൊളംബിയ സ്പോർട്ട് വെയർ കമ്പനി** *(മേൽപരാമർശം)* എന്ന കേസിലെ തീരുമാനത്തിലും ഇത് ഫലത്തിലുണ്ട്. എന്നിരുന്നാലും, ഇത്തരം കേസുകളെല്ലാം വളരെ ദുർലഭമാണ്. അനുച്ഛേദം 136 പ്രകാരമുള്ള ഇളവ് നൽകാനുള്ള അധികാരം തന്നെയും വിവേചനാധികാരത്തിന് വിധേയമായിരിക്കെ, ഈ മുൻപരാമർശിത രണ്ട് സാഹചര്യങ്ങളും ഒത്തുവരാതെ ഹൈക്കോടതിയുടെ തലത്തിൽ ലഭ്യമായ പരിഹാരത്തെ ഒഴിവാക്കിക്കൊണ്ട് 'സ്പെഷ്യൽ ലീവ് അധികാരപരിധി അഭ്യർത്ഥിക്കുവാൻ ഒരു കക്ഷിയെ ഈ കോടതി അനുവദിക്കുകയില്ല. തീർച്ചയായും, ഇത് അത്തരമൊരു കേസല്ല.

30. മേൽപരാമർശിത കാരണങ്ങളാൽ, എതിർക്കപ്പെട്ട ഉത്തരവിൽ ഇടപെടാൻ ഒരു കാരണം ഈ കോടതിക്ക് കണ്ടെത്താൻ സാധിക്കുന്നില്ല. ആ ഉത്തരവ് ഉയർത്തിപ്പിടിക്കുന്നു. പിഴയൊന്നുമില്ലാതെ അപ്പീലുകൾ തള്ളിയിരിക്കുന്നു.

31. അപ്പീൽവാദികൾ സി.പി.സി. യുടെ ഓർഡർ XXI-ലെ റൂൾ 97 പ്രകാരം കൊടുത്ത അപേക്ഷയും

എതിർകക്ഷികൾ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങളും, അവയുടെ ഗുണദോഷങ്ങളെ വിസ്തരിച്ചും നിലവിലെ അപ്പീലുകളെ തീർപ്പ് കൽപിക്കാനായി മാത്രം നടത്തിയ ഈ ഉത്തരവിലെ നിരീക്ഷണങ്ങളുടെ സ്വാധീനമില്ലാതെയും, നിർവാഹക കോടതി മുന്നോട്ട് കൈകാര്യം ചെയ്യേണ്ടതാണ്.

32. അപ്പീൽവാദികൾക്ക് 2000 ഒക്ടോബർ 21-ലെ വിധിയുടെ ഫലങ്ങൾ രണ്ട് ദശാബ്ദക്കാലമായി നിഷേധിക്കപ്പെട്ടിരിക്കുന്നതിനാൽ, ഒരു കക്ഷിക്കും അനാവശ്യ അവധികൾ അനുവദിക്കാതെ വിവാദ വിഷയങ്ങൾ എത്രയും പെട്ടെന്ന് നിയമാനുസൃതമായി തീർപ്പ് കൽപിക്കാൻ നിർവാഹക കോടതിയോട് അഭ്യർത്ഥിക്കുന്നത് ന്യായവും ഉചിതവുമായിരിക്കും. അതിനാൽ, ഈ വിധിന്യായവും ഉത്തരവും കൈപ്പറ്റി 18 മാസങ്ങൾക്കുള്ളിൽ നടപടികൾ പൂർത്തിയാക്കുന്നത് വിശിഷ്യാ അഭിലഷണീയമായിരിക്കും.

33. ഈ മേൽപരാമർശിത ഉത്തരവിന്റെ വെളിച്ചത്തിൽ, ഈ കോടതിയുടെ 2014 ഒക്ടോബർ 13-ന് സ്പെഷ്യൽ ലീവ് ഹർജി (സി) നമ്പർ 24344/2014-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ മന:പൂർവമായ ലംഘനത്തിന് ശ്രീ. തോമസിനെയും ശ്രീ. അബ്രഹാമിനെയും ശിക്ഷിക്കാൻ അപ്പീൽവാദികൾ തുടക്കമിട്ട കോടതിയലക്ഷ്യ ഹർജി (സി) നമ്പർ 2091/2018, ഈ ഘട്ടത്തിൽ നിലനിൽക്കുന്നില്ല; അതിനാൽ, ആയത് തള്ളിയിരിക്കുന്നു.

.....J.

[എ.എസ്. ബൊപ്പണ്ണ]

.....J.

[ദിപാങ്കർ ദത്ത]

ന്യൂ ഡൽഹി;

16 മെയ്, 2023.

ബാധ്യതാ നിരാകരണം: പ്രാദേശിക ഭാഷയിൽ വിവർത്തനം ചെയ്ത വിധിന്യായം വ്യവഹാരിയുടെ ഭാഷയിൽ മനസ്സിലാക്കുന്നതിനുള്ള നിയന്ത്രിത ഉപയോഗത്തെ ഉദ്ദേശിച്ചിട്ടുള്ളതാണ്; മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കാവുന്നതല്ല. എല്ലാവിധ പ്രായോഗികവും ഔദ്യോഗികവുമായ ആവശ്യങ്ങൾക്ക് വിധിന്യായങ്ങളുടെ ഇംഗ്ലീഷ് പതിപ്പാണ് ആധികാരികം, അത് എല്ലാ ആവശ്യങ്ങളും നടപ്പാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആധികാരികമായി തുടരുകയും ചെയ്യുന്നതാണ്.